"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് -ഇരിട്ടി നഗരസഭയിൽ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രാജൻ പുതുശ്ശേരിയുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

**സ.ഉ.(സാധാ) നം.2217/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/11/2020

---

പരാമർശം:- 1 നഗരകാര്യവകുപ്പ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 16.10.2020ലെ ഇ8-10621/2020 നമ്പർ ഉത്തരവ്.

2 നഗരകാര്യഡയറക്ടറുടെ 16.10.2020 തീയതിയിലെ ഇ8-10621/20 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 28.10.2005ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.രാജൻ പുതുശ്ശേരിയുടെ പ്രൊബേഷൻ കാലയളവ് 27.10.2007ൽ പൂർത്തിയായിരുന്നുവെങ്കിലും പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷ പാസ്സായിരുന്നില്ല എന്നും 07.05.1965 ജനനത്തീയതിയുള്ള ടിയാന് 06.05.2015ൽ 50 വയസ്സ് പൂർത്തിയായിട്ടുള്ളതായും ടിയാന്റെ പ്രൊബേഷൻ കാലയളവ് എൽഡിക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരുവർഷത്തേക്ക് (27.10.2008വരെ) പരാമർശം 1 പ്രകാരം ദീർഘിപ്പിച്ചുനൽകിയിട്ടുള്ളതായും നഗരകാര്യഡയറക്ടർ അറിയിക്കുന്നു. ആയതിനാൽ 06.05.2015 ൽ 50 വയസ്സ് പൂർത്തിയായിട്ടുള്ള ടിയാന്റെ പ്രൊബേഷൻ 08.05.2015ന് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക തരത്തിൽ പ്രൊബേഷൻ കാലയളവ് 09.05.2015 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 28.10.2005 ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.രാജൻ പുതുശ്ശേരി -യുടെ പ്രൊബേഷൻ, ടിയാന് 50 വയസ്സ് പൂർത്തിയായിട്ടുള്ള 06.05.2015 പൂർവ്വാഹ്നത്തിൽ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കുമാറ് നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസം മുതൽ പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതിന് തൊട്ടടുത്ത ദിവസം വരെ, അതായത് 28.10.2008 മുതൽ 07.05.2015 വരെ KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ.രാജൻ പുതുശ്ശേരി, എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ, ഇരിട്ടി നഗരസഭ

( നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, ഇരിട്ടി നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ